## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 314 — 01.12.2014-ൽ മറുപടിയ്ക്ക്

### 35-ാം ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ<br>ഡോ.എൻ.ജയരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) 35-ാം ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗെയിംസിന്റെ കാര്യക്ഷമമായ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(എ) & (ബി) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനായുള്ള തയ്യാറെടുപ്പുകൾ അന്തിമഘട്ടത്തിലാണ്. ദേശീയ ഗെയിംസിന്റെ മത്സരങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള സ്റ്റേഡിയങ്ങളിലെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബറോടെ സജ്ജമാകും. ദേശീയ ഗെയിംസിനു വേണ്ടി സജ്ജമാക്കുന്ന താല്കാലിക നിർമ്മിതികളും ഗെയിംസ് തീയതിക്ക് വളരെ മുമ്പായി പൂർത്തിയാക്കുന്നതാണ്. പണി പൂർത്തിയായ സ്റ്റേഡിയങ്ങളിൽ കളി നടത്തുന്നതിന് വേണ്ടി വരുന്ന മാർക്കിങ്ങ്, മറ്റ് ടെക്നിക്കൽ ആവശ്യങ്ങൾ/സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗെയിംസ് വില്ലേജിന്റെ പണി ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ഇതോടനുബന്ധിച്ചുള്ള കെട്ടിടനിർമ്മാണം പൂർത്തിയായി. അനുബന്ധപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനായി ബഹു: മുഖ്യമന്ത്രി ചെയർമാനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും കൂടാതെ ഫലപ്രദമായ നടത്തിപ്പിനായി 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹു: മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ / പ്രാദേശിക കമ്മിറ്റികളും ഇതിനു പുറമെ പ്രത്യേക ചുമതലകൾ നൽകികൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് ഗെയിംസ് മികച്ച രീതിയിൽ നടത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(സി) ദേശീയ ഗെയിംസിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പ്രവൃത്തി കൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(സി) ദേശീയ ഗെയിംസിനായി 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനഃരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽകാലിക നിർമ്മിതികളുമാണ് സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബർ 30-ഓടെ സജ്ജമാകും. വിവിധ സ്റ്റേഡിയങ്ങളിലേയും താല്കാലിക നിർമ്മിതികളിലേയും നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്